പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6201 | 09.07.2013 ൽ മറുപടിക്ക്

## പ്രായപൂർത്തിയാകാത്ത കുട്ടികളെ കാണാതായ കേസ്സുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം. ചന്ദ്രൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ പ്രായപൂർത്തിയാകാത്ത എത്ര കുട്ടികളെയാണ് കാണാതായിട്ടുള്ളതെന്നു വ്യക്തമാക്കുമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് പ്രായപൂർത്തിയാകാത്ത 2042 കുട്ടികളെ കാണാതായിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭ്യമായിട്ടുണ്ട്; | (ബി) | 1797 പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (സി) | ഇതിൽ എത്ര പേരെയാണ് പോലീസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത് ; | (സി) | 1877 പേരെ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | ബാക്കിയുള്ളവരെ കണ്ടെത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | (ഡി) | ജനവാസ കേന്ദ്രങ്ങളിലും ജനതിരക്കേറിയ ജംഗ്ഷനുകളിലും 'ലുക്ക് ഔട്ട് നോട്ടീസ്' പതിപ്പിച്ചും പത്ര-ദൃശ്യ മാധ്യമങ്ങളിൽ കൂടി ഫോട്ടോ പ്രദർശിപ്പിച്ചും മറ്റ് പോലീസ് സ്റ്റേഷനുകളിലേക്ക് വിവരങ്ങൾ അയച്ച് കൊടുത്തും കാണാതായവരെ കണ്ടെത്തുവാനുള്ള ഊർജ്ജിത ശ്രമങ്ങൾ നടത്തുന്നതോടൊപ്പം അന്യസംസ്ഥാനങ്ങളിലെ പോലീസ് മേധാവികൾക്കും പ്രസ്തുത വിവരങ്ങൾ നൽകി അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കാണാതായ വ്യക്തികളെ 15 ദിവസത്തിനകം കണ്ടെത്താൻ സാധിച്ചിട്ടില്ലെങ്കിൽ ഇവരെ കണ്ടെത്തുവാൻ വേണ്ടിയുള്ള |

തീവ്ര അന്വേഷണം നടത്തുവാൻ എല്ലാ ജില്ലകളിലും ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി./അസിസ്റ്റന്റ് കമ്മീഷണർമാരുടെ ചുമതലയിൽ ഓരോ District Missing Persons Tracing Unit (DMPTU) രൂപീകരിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി ഒരു സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ